ങ്ങൾക്ക് അനുമതി നൽകുമ്പോൾ പ്രദേശത്തെ പൊതുജനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അഭിപ്രായം പറയാൻ നിയമപരമായി അവസരമുണ്ടാകണം. തങ്ങളുടെ പരിധിയിൽ വരുന്ന വ്യവസായങ്ങളെ വേണ്ടെന്നു വയ്ക്കാനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

● മലിനീകരണം നടത്തുന്ന നിലവിലുള്ള വ്യവസായങ്ങൾ സമയബന്ധിതമായി മലിനീകരണം പൂർണ്ണമായി അവസാനിപ്പിക്കുകയോ, അതിനു കഴിഞ്ഞില്ലെങ്കിൽ പ്രവർത്തനം നിർത്തുകയോ വേണം. ഒപ്പം തന്നെ മലിനീകരണം മൂലം ഇതിനകം വന്നിട്ടുള്ള നാശനഷ്ടങ്ങൾക്ക് പരിഹാരം നൽകുകയും വേണം.

● വൈദ്യുതിക്ക് ക്ഷാമമില്ലാത്ത സംസ്ഥാനങ്ങൾ നിലവിലുള്ള ഉൽപാദന, പ്രസരണ, വിതരണശൃംഖലകളുടെ ഏറ്റവും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താനാണ് മുൻഗണന കൊടുക്കേണ്ടത്.

● വൈദ്യുതിയുടെ ധൂർത്ത് ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല.

● കാര്യക്ഷമത കൂടിയ വൈദ്യുതി ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. വൈദ്യുതി സംരക്ഷണത്തിനായി വ്യാപകമായ പ്രചാരണത്തിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുൻകൈയെടുക്കുകയും ഓരോ പഞ്ചായത്തും/മുനിസിപ്പാലിറ്റിയും വൈദ്യുതി ഓഡിറ്റ് നടത്തണം.

● പുതുതായി വൈദ്യുതി ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ പരിസ്ഥിതിക്കും സമൂഹത്തിനു കുറച്ചു മാത്രം ദോഷം ചെയ്യുന്ന പാരമ്പര്യേതര സ്രോതസ്സുകൾക്കായിരിക്കണം മുൻഗണന.

● അതിരപ്പിള്ളിയും, പൂയംകുട്ടിയും പോലുള്ള ജലവൈദ്യുത പദ്ധതികളോ, ചീമേനി പോലുള്ള താപനിലയങ്ങളോ നമുക്കാവശ്യമില്ല.

*ചൈതന്യ, പരിയാരം, ചാലക്കുടി*

---

വീണ്ടും വായനയ്ക്ക്

# പൊരുതുന്ന കേരളത്തിന്റെ പ്രകടന പത്രിക

ബി.ആർ.പി ഭാസ്കർ

**ജനകീയ** സമരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകളുടെ പ്രവർത്തകർ ഒരു പെതുപരിപാടിയുടെ അടിസ്ഥാനത്തിൽ ഈ തിരഞ്ഞെടുപ്പിൽ ഇടപെടുക എന്ന ഉദ്ദേശ്യത്തോടെ ജനകീയ ഐക്യവേദി രൂപീകരിച്ചിരിക്കുന്നു. ഐക്യവേദി അംഗീകരിച്ച 12 ഇന പരിപാടി പൊരുതുന്ന കേരളത്തിന്റെ പ്രകടന പത്രികയാണ്.

പരിപാടിയിലെ പ്രധാന ഇനം കക്ഷിരാഷ്ട്രീയത്തിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വിമുക്തമാക്കുക എന്നതാണ്. അഴിമതിരഹിതവും നീതിപൂർവ്വകവുമായ ഭരണം കാഴ്ചവെക്കുക, ഗ്രാമവാർഡ് സഭകൾ പുനരുജ്ജീവിപ്പിക്കുക, കണക്കുകൾ യഥാസമയം പൂർത്തിയാക്കി ഓഡിറ്റിന് വിധേയമാക്കുക, സ്ത്രീകൾ, ദളിതർ, ആദിവാസികൾ തുടങ്ങിയ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പാക്കുക തുടങ്ങിയവയും അതിൽപ്പെടുന്നു. നിലവിലുള്ള മുന്നണികൾക്ക് അകത്തും പുറത്തുമുള്ള ചില കക്ഷികളും തത്വത്തിൽ പരിപാടിയോട് യോജിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ മാറ്റമുണ്ടായേ മതിയാകൂ എന്ന സന്ദേശം നൽകിയാൽ മുന്നണികളെ നയിക്കുന്ന കക്ഷികളും മാറി ചിന്തിക്കാൻ നിർബന്ധിതരാകും.

അമ്പതു ശതമാനം സ്ത്രീസംവരണം താഴത്തെ തട്ടുകൾ ശുദ്ധീകരിക്കാനുള്ള അവസരം നൽകുന്നു. സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങൾ നിറക്കാനാവശ്യമായത്ര സ്ത്രീകൾ ഒരു കക്ഷിയിലുമില്ല. എല്ലാ കക്ഷികളും ചേർന്നാലും അതിനുള്ള സ്ത്രീകളുണ്ടാവില്ല. നേതാക്കളുടെ ബന്ധുക്കളോ പോഷകസംഘടനകളിൽപ്പെട്ടവരോ ആയ സ്ത്രീകളെ അങ്കത്തട്ടിൽ ഇറക്കാനുള്ള ശ്രമമാണ് നടക്കുന്നത്. സ്വതന്ത്രമായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ള സ്ത്രീകളെ തെരഞ്ഞെടുക്കാനായാൽ അഴിമതിരഹിതവും നീതിപൂർവകവുമായ ഭരണത്തിനുള്ള സാധ്യത ഏറുമെന്ന കാര്യത്തിൽ സംശയം വേണ്ട. പക്ഷേ, രാഷ്ട്രീയം സ്ത്രീകൾക്ക് പറ്റിയ മേഖലയല്ലെന്ന ചിന്ത മധ്യവർഗങ്ങളിൽ ശക്തമാകയാൽ, യോഗ്യരായവർ മൽസരരംഗത്തിറങ്ങാൻ മടിക്കും. ഒരു ചരിത്രനിയോഗം കാത്തിരിക്കുകയാണെന്ന് ബോധ്യപ്പെടുത്തി അവരെ മുന്നോട്ടുകൊണ്ടുവരാൻ കഴിഞ്ഞാൽ പഞ്ചായത്തുതലത്തിൽ കക്ഷിരാഷ്ട്രീയം ഒഴിവാക്കാനും അങ്ങനെ ജനകീയ ഐക്യവേദിയുടെ പരിപാടിയിലെ മറ്റിനങ്ങൾ പ്രാവർത്തികമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനും കഴിയും.

**12 ഇന പരിപാടി**

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കക്ഷി രാഷ്ട്രീയത്തിന്റെ പിടിയിൽനിന്ന് മോചിപ്പിക്കുക.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അഴിമതി മുക്തമാക്കുക.
3. ആനുകൂല്യവിതരണത്തിലെ പക്ഷപാതിത്വം അവസാനിപ്പിക്കുക.
4. വാർഡ് / ഗ്രാമസഭകളെ പുനരുജ്ജീവിപ്പിക്കുക.
5. കണക്കുകൾ യഥാസമയം പൂർത്തിയാക്കി ഓഡിറ്റിങ്ങിന് വിധേയമാക്കുക.
6. വികസനപ്രക്രിയയിൽ ജനതാൽപര്യത്തിന് മുൻഗണന നൽകുക.
7. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് സുസ്ഥിരവികസനം സാധ്യമാക്കുക.
8. സ്ത്രീശാക്തീകരണം പരാജയപ്പെടുത്തുന്ന രാഷ്ട്രീയ ഇടപെടൽ അവസാനിപ്പിക്കുക.
9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജെൻഡർ ബഡ്ജറ്റിങ്ങ് ഏർപ്പെടുത്തുക.
10. ദളിത്-ആദിവാസി പ്ദ്ധതികൾ പൂർണമായി നടപ്പാക്കുക.
11. പഞ്ചായത്തുകളുടെ നഷ്ടപ്പെട്ട അധികാരങ്ങൾ പുനഃസ്ഥാപിക്കുക.
12. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെ തിരിച്ചു വിളിക്കാൻ വ്യവസ്ഥ ചെയ്യുക.

(ലേഖനത്തിന്റെ പൂർണ്ണരൂപം വായിക്കുക-
മാധ്യമം ആഴ്ചപ്പതിപ്പ്, 2010 സെപ്റ്റംബർ 20)